# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3235

24-02-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം : | | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുനരധിവാസവും നഷ്ടപരിഹാരവും സംബന്ധിച്ച് 2015 നവംബർ മാസം 11, 12 തീയതികളിൽ മന്ത്രിയുടെ ചേമ്പറിൽ ഒരു യോഗം ചേർന്നിരുന്നോ ; ആരെയൊക്കെയാണ് ആ യോഗത്തിലേക്ക് ക്ഷണിച്ചിരുന്നത് ; | (എ) | 2015 നവംബർ മാസം 11, 12 തീയതികളിൽ തുറമുഖ വകുപ്പ് മന്ത്രിയുടെ ചേംബറിലും, സൗത്ത് കോൺഫറൻസ് ഹാളിലും യോഗം ചേർന്നിരുന്നു. പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെടാവുന്ന കരമടി, ചിപ്പി, ലോബ്സ്റ്റർ തൊഴിലാളികളെയും, റിസോർട്ടുകളിലെയും ചെറുകിട വ്യാപാര സ്ഥാപനങ്ങളിലെയും ജീവനക്കാരെയുമാണ് യോഗത്തിലേയ്ക്ക് ക്ഷണിച്ചിരുന്നത്. |
| (ബി) | യോഗം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | യോഗ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം II ആയി വച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗത്തിൽ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളെ ക്ഷണിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (സി) | ഇല്ല. നഷ്ടപരിഹാര തുക സംബന്ധിച്ച് തൊഴിൽ നഷ്ടം സംഭവിക്കാൻ സാധ്യതയുള്ളവരുടെ അഭിപ്രായം അറിയാനാണ് പ്രസ്തുത യോഗം വിളിച്ചത്. |

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കവാടമായി കരുതപ്പെടുന്ന മുല്ലൂർ പ്രദേശത്തെ എല്ലാ കട്ടമര തൊഴിലാളികളെയും ചിപ്പിയും, ശംഖും, കല്ലുറാളും ശേഖരിക്കുന്ന മത്സ്യതൊഴിലാളികളെയും പ്രസ്തുത യോഗത്തിലേക്ക് ക്ഷണിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) മേൽവിലാസം ലഭ്യമായിരുന്ന എല്ലാ കട്ടമരത്തൊഴിലാളികളെയും, ചിപ്പിയും, ശംഖും, കല്ലുറാളും ശേഖരിക്കുന്ന മത്സ്യത്തൊഴിലാളികളെയും യോഗത്തിലേയ്ക്ക് ക്ഷണിച്ചിരുന്നു.

(ഇ) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു ; ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

(ഇ) യോഗ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം II ആയി വച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അനന്തര നടപടികൾ ജില്ലാകളക്ടർ ചെയർമാനായ ജീവനാഘാത നിർണ്ണയ സമിതിയുടെ അപ്പീൽ കമ്മിറ്റി (Appeal Committee to Livelihood Impact Appraisal Committee ) എടുത്തു വരുന്നു. LIAC തയ്യാറാക്കിയ റിപ്പോർട്ടിൻമേൽ ലഭ്യമായ 18000 ത്തിൽപരം ആക്ഷേപങ്ങൾ LIAC Appeal Committee പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ